KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.202/PR/PIC/2018 Date : 14.08.2018

## പോലീസിന് ഇനി മുതൽ എല്ലാ ജില്ലകളിലും ലീഗൽ സെല്ലുകൾ

പോലീസ് വകുപ്പു കക്ഷിയായി വരുന്ന കേസുകളും കോടതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, ഇനി മുതൽ എല്ലാ പോലീസ് ജില്ലകളിലും നിയമോപദേശ (ലീഗൽ) സെല്ലുകൾ രൂപീകരിക്കും. ഇതു സംബന്ധിച്ച നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ പോലീസ് മേധാവിമാർക്കും നൽകി.

ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ നിയമത്തിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള അനുയോജ്യരായ രണ്ടു പോലീസുകാരെ ഉൾപ്പെടുത്തിയാണ് ലീഗൽ സെൽ രൂപീകരിക്കുന്നത്. സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവിൽ നിർദ്ദേശിക്കുന്നു.

പോലീസ് കക്ഷിയായി, വിവിധ കോടതികളും ട്രിബ്യൂണലുകളും കമ്മീഷനുകളും തീർപ്പാക്കുവാനുള്ള വിവിധ നടപടിക്രമങ്ങളും അന്യായങ്ങളും യഥാസമയം സമർപ്പിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ച് ഉറപ്പു വരുത്തുക, കോടതി കാര്യങ്ങൾ സംബന്ധിച്ച് പോലീസ് സ്വീകരിക്കേണ്ട നടപടികൾ ജില്ലാ പോലീസ് മേധാവിയെ ധരിപ്പിക്കുക, തീർപ്പാക്കാനുള്ളതായ എല്ലാ വിധ കേസുകളും വ്യവഹാരങ്ങളും സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുക, കോടതിയിൽ സമർപ്പിക്കേണ്ട സ്റ്റേറ്റ്മെന്റുകളും റിപ്പോർട്ടുകളും തയ്യാറാക്കാൻ ജില്ലാ പോലീസ് മേധാവിയെ സഹായിക്കുക എന്നിവയാണ് ലീഗൽ സെല്ലിന്റെ ചുമതലകൾ.

വിവിധ വിധിന്യായങ്ങൾ, നിയമ സംബന്ധിയായ ലേഖനങ്ങൾ , ജേർണലുകൾ , ഹൈക്കോടതി നിയമ നടപടികൾ സംബന്ധിച്ച ചട്ടങ്ങൾ, പ്രധാനപ്പെട്ട നിയമങ്ങൾ (സോഫ്ട് കോപ്പിയും ഹാർഡ് കോപ്പിയും) നിയമ സംബന്ധിയായ സർക്കാരിന്റെയും പോലീസ് ആസ്ഥാനത്തെയും സർക്കുലറുകൾ തുടങ്ങിയവയുടെയെല്ലാം പകർപ്പുകൾ കൃത്യമായി സൂക്ഷിക്കുന്നതും ലീഗൽ സെല്ലിന്റെ ചുമതലയാണ്.

ജില്ലാ പോലീസ് മേധാവിമാരുടെ കോൺഫറൻസിൽ പോലീസുകാർക്ക് നിയമ വ്യവസ്ഥയിലെ മാറ്റങ്ങളെ സംബന്ധിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതും പോലീസുദ്യോഗസ്ഥർക്ക് നിയമത്തിലും കോടതി നടപടികളിലുമുള്ള അവഗാഹം വർദ്ധിപ്പിക്കുന്നതു വഴി കുറ്റാന്വോഷണവും കേസുകളും കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുക എന്നതാണ് പുതിയ സംവിധാനം വഴി ലക്ഷ്യമിടുന്നത്.

****************